# വിട്ട-'20

## ഗവ.എച്ച് എസ്.മണീട്



# ആമുഖം

"അനന്തം അജ്ഞാതം അവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടു"

ശാസ്ത്രവും സാഹിത്യവും വളരെയേറെ ഇഴകിച്ചേർന്നികിക്കുന്നു ആചാര്യൻമാർ തെളിച്ച വഴിയിലൂടെ ആ വിഭയിലൂടെ ഞങ്ങൾ നേടിയ അറിവുകളിലൂടെ ........................ ഞങ്ങളൊരുക്കുന്ന ഈ മാഗസീൻ സമർപ്പിക്കുന്നു........

# ഉള്ളടക്കം


ഗവ.ഹൈസ്കൂൾ നാൾവഴിയിലൂടെ.......................................................4

കുഞ്ഞു കൈവിരൽത്തുമ്പിലെ തൂലികയിലൂടെ.......................................7

ഞാൻ..........................................................................................8

മഴമേളം..................................................................................9

പ്രളയഭൂമി.................................................................................10

വരൾച്ച......................................................................................13

കഥകളുടെ മായാലോകത്തേക്ക്........

അമ്മകോഴിയുംകുഞ്ഞുങ്ങളും.........................................................17

മധുരപലഹാരം.............................................................................19

സുഹൃത്ത് ബന്ധം..........................................................................21

ചായക്കൂട്ടിലൂടെ...........................................................................23

പ്ലൂട്ടോയും ഞാനും......................................................................26

ആത്മകഥകൾ.............................................................................31

LED ബൾബ് നിർമാണം.................................................................33

ഡിജിറ്റൽ പൂക്കളം.........................................................................36

എന്റെ സ്വപ്നത്തിലെ ചാന്ദ്രയാത്ര...................................................41


.

# ഗവ.ഹൈസ്കൂൾ നാൾവഴിയിലൂടെ



മൂവാറ്റുപുഴയാറിന്റെ ഓരം പറ്റി മൂവാറ്റുപുഴ താലൂക്കിന്റെ പടിഞ്ഞാറെ അതിർവരമ്പിൽ കുന്നുകളും പാടങ്ങളും തോടുകളും ചേർന്ന് ഗ്രാമീണ ചാരുത ചാർത്തുന്ന ഗ്രാമമാണ് മണീട്. ഇവിടത്തെ കർഷകരും, കർഷക തൊഴിലാളികളുമായ ജനത- വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന ഏക സരസ്വതീക്ഷേത്രമാണ് മണീട് ഗവ. വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂൾ. 1910 ഫെബ്രുവരി 23 ന് (1085 കുംഭം 12)

ഒരു പ്രൈമറി സ്കൂൾ എന്ന നിലയിൽ തുടങ്ങി 1950 ജൂൺ 10-ന് അപ്പർ പ്രൈമറിയും 1961 ജൂൺ 5 ന് ഹൈസ്കൂളും 1990-91 വൊക്കേഷണൽ ഹയർ സെക്കന്ററിയും (പ്രിന്റിംഗ് ടെക്നോളജി) 2004-ൽ ഹയർ സെക്കന്ററിയുമായി വളർന്നു. 1996 ൽ പാരലൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ആരംഭിച്ചു.

പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം സെക്കന്ററി വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന ഈ നാട് നടത്തിയ നെടുനാളത്തെ യത്നം അരനൂറ്റാണ്ടിനുശേഷമാണ് സഫലമായത്. മണീടിൽ ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് അന്നത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയുമായിരുന്ന ശ്രീ. പട്ടംതാണുപിള്ളയുടെയും, ഡി.പി.ഐ ശ്രീ. എൻ. ചന്ദ്രഭാനുവിന്റെയും 1.06.1961 ലെ നമ്പർ, 148874/60 എന്ന ഉത്തരവാണ് ഈ നാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികക്കല്ലായി മാറിയത്. ബഹു. മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലാ ഓഫീസർ ആയിരുന്ന ശ്രീ. ഇ.എൻ. ചന്ദ്രശേഖരപിള്ള, എം.എ.എൽ.റ്റി. 9.05.1961 ൽ ഈ സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുമ്പോൾ ഇന്നാട്ടുകാരനായ ശ്രീ. റ്റി.സി. ഐസക്ക് ആയിരുന്നു പ്രധാന അദ്ധ്യാപകൻ. മുൻ കേന്ദ്രഭക്ഷ്യമന്ത്രി ശ്രീ. എ.എം. തോമസ്, മുൻ ഭക്ഷ്യമന്ത്രി ശ്രീ. ഇ.പി. പൗലോസ്, ശ്രീ. വി.എം. പീറ്റർ,

ശ്രീ. പി.കെ. കൃഷ്ണമേനോൻ, ശ്രീ. കെ.എം. പോൾ, ശ്രീ. ടി.സി. ജോർജ്ജ്, ശ്രീ. കെ.എം. കുര്യാക്കോസ് (എക്സ്.എം.എൽ.എ), സ്കൂളിനുവേണ്ടി 92 സെന്റ് സ്ഥലം സൗജന്യമായി നൽകിയ കൗതകപ്പിള്ളി മനയ്ക്കൽ ശ്രീ. തുപ്പൻ നമ്പൂതിരിപ്പാട് എന്നീ പേരുകൾ സ്കൂൾ ചരിത്ര ഏടുകളിൽ ഒളിമങ്ങാതെ കിടക്കുന്നു.

കുഞ്ഞു

കൈവിരൽത്തുമ്പിലെ

തൂലികയിലൂടെ....

# ഞാൻ

പണ്ഡിതനെന്നു വിചാരിക്കുന്നു പക്ഷെ
പഠിക്കുവാനുണ്ട് ഇനിയുമേറെ
സമ്പന്നനെന്നു വെറുതെ അഹങ്കരിക്കുന്നു
തരിപോലും സ്നേഹം ലഭിക്കാത്ത
ദരിദ്രനെന്നും മനസ്സു പറയുന്നു
മനുഷ്യനെന്ന് വിശ്വസിച്ചു നടക്കുന്നു
പക്ഷെ ഇല്ല കല്ലിനാർദ്രത പോലും.



# മഴമേളം

മഴകാണാനെന്തൊരു ചന്തം
പുഴകാണാനെന്തോരു ചന്തം
മഴയിൽത്തണുവേറ്റ കുലുങ്ങും
മരമായ് ഞാനൊരു നിമിഷം
പനിനീരല പോലിവിടെങ്ങും
മഴവെള്ളം പാഞ്ഞൊഴുകുമ്പോൾ
മനതാരിൽ നിറയുന്നൊരു
തരുനിരകൾ തഴുകിയകന്നൊരു
ഊതുകാറ്റലനമ്മള്ളിലെല്ലാം
മഴയേകിയ കുളിരലയേറ്റി
മധുരാഗമിളക്കി വിടുന്നു
മമനാടിൻ മലയാളത്തിൻ
ഒളിവിതറി തൊങ്ങലചാർത്തി
ഉയരുകയായ് മനസ്സുകൾ തോറും.



# പ്രളയഭൂമി

മഴ തോർന്നു.....!

പുഴയേ നീ വീണ്ടും

ചിരിച്ചൊഴുകുന്നു

ഇത് പ്രകൃതി തൻ

ഹർഷമോ?

ഇത്രമേൽ ജീവൻെറ

സ്പന്ദനം

സ്വായത്തമാക്കിയതിനാൽ.....

അറിയില്ല.....

ഒരു പക്ഷേ സൂചനയായിരിക്കും

ഈ ഭൂമി ആർക്കും സ്വന്തമല്ല

എന്നുള്ള സൂചന!

നിന്നെ തടയാതെ, കെട്ടി-

ന്നിർത്താതെ

ഒഴുകാനനുവദിക്കണം

എന്നുള്ള സൂചന!

എങ്കിൽ ഇനിയും കെട്ടിപ്പണിയാം

ചാരുതയാർന്ന കേരളത്തെ

ഒന്നുകൂടി



# ആത്മഗത്തിൻെറ രാത്രി.....

തെറ്റുകളുടെ കുറുക്കുവഴികളിൽ
ശരി ചത്തുകിടക്കുന്നു
കാൽപാടുകളിലേക്ക്
ഓർമ്മകളിലേക്ക് പതിയുന്നു
മരിച്ച ദിനങ്ങളിലേക്ക്
ചവിട്ടിപോയകാലങ്ങൾ
കരൾപറിച്ചെടുത്തു
കുട്ടുകാർക്ക്
കഴുവേറിയ കാലങ്ങളുടെ
കനലുകൾ ബാക്കിയായി
ഒടിവിലീ അത്താഴവും
ഒടങ്ങുന്നു
ക്ഷതമേറ്റ കിനാക്കൾക്ക്
ഉണങ്ങാത്ത
വ്രണപ്പാടുകൾ ബാക്കി



വിഭ

സത്യത്തിൻെറ പൊളിച്ചെഴുത്തിൽ

ഇല്ലായമയുടെ പുഃനർജനം

## വരൾച്ച

ആലപിക്കാൻ

മറന്ന

മേഘമൽഹർ!

വന്ധ്യംകരണം

ചെയ്യപ്പെട്ട

മേഘം!

ഭൂമിയുടെ

ഗർഭപാത്രം,

വെന്തുമരിച്ച

തായ്യേര്!

ആസന്നമായ

മരണത്തെ

ധ്യാനിച്ചുനില്ക്കുന്ന

ബോധിവൃക്ഷം!

ഘടികാരത്തിൻെറ

സൂചിമുനയിൽ

പിടയുന്ന

ജീവിതം!

എങ്കിലും.....

ഇടയ്ക്കിടെ,

സൗഹൃദത്തിൻെറ

മഴച്ചാറൽ....!



കഥകളുടെ

**മായാലോകത്തേക്ക്........**

# അമ്മകോഴിയും കുഞ്ഞുങ്ങളും....

ഒരു ഗ്രാമത്തിൽ ഒരമ്മകോഴിയും കുഞ്ഞുകോഴികളും ഉണ്ടായിരുന്നു.അമ്മകോഴിയുടെ പേര് കിങ്ങിണി എന്നായിരുന്നു
അതിൽ കുഞ്ഞികോഴിയുടെ പേര് മോമോ എന്നായിരുന്നു.
മററുള്ളവരിൽ വെച്ച് വളരെ സുന്ദരിയായിരുന്നു.അവളെ എല്ലാവരും മോ എന്നായിരുന്നു വിളിച്ചിരുന്നത് .എന്നാൽ മോ വളരെ അഹങ്കാരിയായിരുന്നു.എന്നാൽ സുന്ദരിയും പാവവും ആയ ഒരു കോഴി ഉണ്ടായിരുന്നു അവളുടെ പേര് തക്ര എന്നായിരുന്നു.തക്രു ത ൻെറ അമ്മയെ എന്നും സഹായിക്കുമായിരുന്നു.ഒരു ദിവസം മോമോ മററുകോഴികളെ ഉപദ്രവിച്ചു.ആ സമയത്ത് തക്രു

അവരെ രക്ഷിച്ചു.അപ്പോൾ മോക്ക്  അവളോട് അസൂയ തോന്നി.എന്നിട്ട് അമ്മ വന്ന് അവളെ ചീത്ത പറഞ്ഞു. അവൾക്ക് അവളുടെ തെററ് മനസിലാക്കി.അവൾ അവളോട് ക്ഷമ ചോദിച്ചു. പിന്നെ ആ കുടുംബം സന്തോഷത്തോടെ  ജീവിച്ചുപോന്നു.

അങ്ങനെ  ഇരിക്കെ  ഒരു കുറുക്കൻ  ആ കോഴികുഞ്ഞുങ്ങളെ  വേട്ടയാടി. ആദ്യം മോ തൻെറ സ്വന്തം ജിവൻ       രക്ഷിക്കാൻ നോക്കി.പിന്നെ അവൾ പെട്ടെന്ന്  തൻെറ  കുടെപ്പിറപ്പുകളെ കുറിച്ച് ഓർത്തു.താൻ വേഗംതൻെറ ജിവനെ മറന്ന് തനിക്ക് തൻെറ തെററു മനസ്സിലാക്കി തന്ന തക്രുവിനെ ഓർത്തു.താൻ ജിവനെ മറന്ന് തക്രുവിനെ രക്ഷിക്കാൻ ഓടി.അങ്ങനെ താൻ തക്രുവിനെ രക്ഷിച്ചു അവളെ ക്രൂട്ടി കൊണ്ട് വീട്ടിലേക്ക് മടങ്ങി.വീണ്ടും ആ കുടുംബം സന്തോഷത്തോടെ ജീവിച്ചു.അങ്ങനെ ആ കുഞ്ഞുകോഴികുടുംബം വളരെ സമാധാനത്തോടെ ജീവിച്ചു.എല്ലാവർക്കും ആ കുടുംബം മാത്രുകയായി ജീവിച്ചു.



വിഭ

# മധുരപലഹാരം

ഒരിക്കൽ ഒരു ഗ്രാമത്തിൽ കിട്ടു എന്നൊരു കുട്ടി ഉണ്ടായിരുന്നു.അവൻ നല്ല മധുരമുള്ള പലഹാരങ്ങൾ ഉണ്ടാക്കും.
അങ്ങനെയിരിക്കെ അവനൊരു മോഹം തോന്നി നല്ല മധുരമുള്ള പലഹാരങ്ങൾ തിന്നണമെന്ന്.അങ്ങനെ അവൻ ചന്തയിലേക്കു പോയി.പലഹാരമുണ്ടാക്കാനായി സാധാനങ്ങൾ വാങ്ങിക്കൊണ്ടു വന്നു.അവൻ അങ്ങനെ തേന്തൂറുന്ന പലഹാരങ്ങൾ ഉണ്ടാക്കി.
അവൻ പലഹാരങ്ങൾ ഉണ്ടാക്കുമ്പോൾ അപ്പുറത്തെ കാട്ടിൽ നിന്ന് ഒരു പ്രേതത്തിന്റെ  അലർച്ച.പാവം കിട്ടു അവൻ വല്ലാതെ പേടിച്ചു പോയി.അപ്പോൾ കിട്ടുവിനോട് ആ പ്രേതം പറഞ്ഞു .കിട്ടു നീ ഒന്നു കൊണ്ടും പേടിക്കേണ്ട ഞാൻ നിന്നെ ഒന്നും ചെയുകില്ല.പക്ഷെ നീ എനിക്ക് നീ ഉണ്ടാക്കുന്ന നല്ല തേന്തൂറുന്ന പലഹാരം തരണം.
അവൻ ആ പ്രേതത്തിന് അവനുണ്ടാക്കിയ പലഹാരം വയറുനിറയെ കൊടുത്തു. ആ പ്രേതം വയറുനിറയെ കഴിച്ചിട്ടു പറഞ്ഞു എനിക്ക് നീയുണ്ടാക്കിയെ മധുര പലഹാരം വളരെ അധികം ഇഷ്ടമായി.


# സുഹൃത്ത് ബന്ധം

ഒരിക്കൽ ഒരിടത്ത് രണ്ട് ചങ്ങാതിമാർ ഉണ്ടായിരുന്നു. അവരുടെ പേര് അഭിയും അച്ചുവും എന്നായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. ഒരിക്കൽ അഭിക്ക് ഒരു അപകടം പറ്റി. അത് കേട്ട് അച്ചുവിന് സങ്കടമായി. അച്ചുവാണ് അഭിയെ ആശുപത്രിയിൽ എത്തിച്ചത്. അവന് വേണ്ട എല്ലാ സഹായവും ചെയ്തത് അച്ചുവാണ്. അച്ചു നല്ല സഹായിയാണ്. അവൻ ഏത് ആപത്തിലും അഭിയേയും മറ്റുള്ളവരെയും സഹായിക്കും. അതുകൊണ്ട് എല്ലാവർക്കും അച്ചുവിനെ വളരെയധികം ഇഷ്ടമാണ്. അഭിയുടെ അസുഖമെല്ലാം മാറി. അവന് നല്ല ജോലി കിട്ടി. എന്നാൽ അച്ചുവിന് ജോലി കിട്ടിയില്ല. അഭി ഗൾഫിലാണ്. അങ്ങനെ അഭി നാട്ടിൽ വന്നു.അവർ തമ്മിൽ കണ്ടു മുട്ടി. അച്ചുവിൻെറ മുഖം സങ്കടത്തോടുകൂടിയാണ്. അഭി അച്ചുവിനോടു ചോദിച്ചു. “നിനക്ക് എന്തു പറ്റി ". അച്ചു അവനോട്

കാര്യം പറഞ്ഞു. അഭി തിരിച്ചുപോകുന്നതിനു മുൻപ് അവൻ അച്ഛവിന് താൻ ജോലി ചെയ്യുന്ന സ്ഥലത്ത് തന്നെ ജോലി വാങ്ങിക്കൊടുത്തു. അവർക്ക് സന്തോഷമായി.അവരുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു. അവർ സന്തോഷത്തോടെ ഗൾഫിലേക്ക് പോയി.

# ചായക്കൂട്ടിലൂടെ...................





# പ്ലൂട്ടോയും ഞാനും

മനുഷ്യൻ : ഹലോ....

പ്ലൂട്ടോ : നിങ്ങൾ ആരാ?എവിടുന്നാ

മനുഷ്യൻ : നിനക്ക് എന്നെ അറിയില്ലേ?

പ്ലൂട്ടോ : ഇല്ല. നീ എന്തിനാ എന്റെ അടുത്ത് വന്നത് ? ആരും എന്റെ അടുത്ത് വരണ്ട.

മനുഷ്യൻ : പിണങ്ങല്ലേ .ഞാൻ നിന്നെ കാണാനാണ് ഇത്രയും ദൂരത്ത് നിന്ന് വന്നത്.

പ്ലൂട്ടോ : ദൂരത്തോ?നീ എവിടുന്നാ വരുന്നത്?

മനുഷ്യൻ :ഞാൻ ഭൂമിയിൽ നിന്നാണ് വരുന്നത്.

പ്ലൂട്ടോ : നിങ്ങൾ ഭൂമിലെ മനുഷ്യൻ ആണോ?

മനുഷ്യൻ : അതെ.

പ്ലൂട്ടോ :അവിടുത്തെ ശാസ്ത്റജ്ഞരാ
ണ് എന്നെസൗരയൂഥത്തി
ൽ നിന്ന്പുറത്താക്കിയത്.
ഞാൻ എന്ത് തെറ്റാണ്
ചെയ്തത്?

മനുഷ്യൻ : ഞങ്ങൾ നിന്നെ മാറ്റി നിർത്തിയതല്ല നീ
മറ്റുള്ളവരുടെ പാതയിലൂടെ സഞ്ചരിക്കുന്നു എന്ന്
എന്ന് പരാതി കിട്ടി. അതുകൊണ്ടാണ്


പ്ലൂട്ടോ :നെപ്റ്റ്യൂൺ ചേട്ടൻ്റ ഗുരുത്വകർഷണം
കൊണ്ടാണ് ഞാൻ ആ പുള്ളിയുടെ പാതയിൽ
കയറിയത് അല്ലാതെ എൻെറ തെറ്റല്ല
നിങ്ങലളെന്നെ മനസ്സിലക്കുന്നില്ല.

മനുഷ്യൻ :നീ വിഷമിക്കേണ്ട നിൻെറ കാര്യം എൻെറ
കൂട്ടുകാരോട് പറഞ്ഞ് ഒരു പ്രതിവിതി
കണ്ടെത്താം

പ്ലൂട്ടോ : നിങ്ങൾക്കെന്നെ രക്ഷികാൻ കഴിയട്ടെ.
നിങ്ങൾക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കാം

മനുഷ്യൻ : എന്നാൽ ഞാൻ പോകട്ടെ അല്പം തിരക്കുണ്ട്

പ്ലൂട്ടോ :ശരി.



# ജീവനിലൂടെ.......

**1.** *മനുഷ്യരക്തത്തിന്റെ PH[1] മൂല്യം എത്രയാണ്?*

1 PotenzHydrogen

2. ഹരിതകത്തിൽ അടങ്ങിയിരിക്കുന്ന ലോഹം ?

3. തേനിൽ അടങ്ങിയിരിക്കുന്ന പ്രധാനപ്പെട്ട പഞ്ചസാര ഏതാണ്?

4. വിറ്റികൾച്ചർ എന്തുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്?

5. വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന അമ്ലം?

6. മനുഷ്യശരീരത്തിലെ ബലമുള്ളതും നീളം കൂടിയതുമായ അസ്ഥി ഏതാണ്?

7. ജിറാഫിൻെറ കഴുത്തിലെ കശേരുക്കളുടെ എണ്ണം?

8. വവ്വാലിലൂടെ വ്യാപനം ചെയ്യപ്പെടുന്ന വൈറസ്?

9. സിംഹത്തിൻെറ ശാസ്ത്രീയ നാമം?

*10. ഒച്ചിൻെറ രക്തത്തിന് ഏത് നിറമാണ്?*

ഉത്തരങ്ങൾ:

1) 7.40
2) മഗ്നീഷ്യം
3) ഫ്രക്ടോസ്,
4) മുന്തിരി
5) അസറ്റിക് അമ്ലം
6) തുടയെല്ല്
7) 7
8) എബോള
9) പാൻതേറ ലിയോ
10) നീല



# ആത്മകഥകൾ

| | |
|---|---|
| ആത്മകഥ | :ഇ . എം. എസ് |
| കവിയുടെ കാൽപ്പാടുകൾ | :പി. കുഞ്ഞിരാമൻനായർ |
| എൻെറ കഥ | : മാധവിക്കുട്ടി |
| കഴിഞ്ഞ കാലം | : കെ.വി.കേശവമേനോൻ |
| എൻെറ ജീവിത സ്മരണകൾ | :മന്നത്ത് പത്മനാഭൻ |
| അരങ്ങു കാണാത്ത നടൻ | : തിക്കോടിയൻ |
| കണ്ണീരും കിനാവും | :വി. ടി. ഭട്ടതിരിപ്പാട് |
| അരങ്ങും അണിയറയും | :കലാമണ്ഡലം കൃഷ്ണൻ നായർ |
| എൻെറ നാടുകടത്തൽ | :സ്വദേശഭിമാനി രാമകൃഷ്ണപിള്ള |
| എന്തോ കഥയില്ലായ്മ | :എ. പി.ഉദയഭാനു |
| ഓർമ്മയുടെ ഓളങ്ങളിൽ | :ജി. ശങ്കരക്കുറുപ്പ് |
| ഓർമ്മയുടെ അറകൾ | :വൈക്കം മുഹമ്മദ് ബഷീർ |
| എൻെറ വഴിത്തിരിവ് | : പൊൻകുന്നം വർക്കി |
| കാവ്യലോക സ്മരണകൾ | : വൈലോപ്പിള്ളി |
| കൊഴിഞ്ഞ ഇലകൾ | :ജോസഫ് മുണ്ടശ്ശേരി |

# സ്ക്രൂൾ പ്രവർത്തനങ്ങളിലൂടെ.....

# LED ബൾബ് നിർമാണം

ഊർജ്ജസംരക്ഷണം എന്ന ബോധം എല്ല കുട്ടികളിലും അനിവാര്യമാണ് .അതിൻെറ ഭാഗമായി പ്രക്രുതിക്ക് ഇണങ്ങുന്ന കുറഞ്ഞ ചിലവിൽ നിർമിക്കാൻ കഴിയുന്ന LED ബൾബുകളു-ടെ നിർമാണം പ്രോത്സാഹിപ്പിക്കപെടെണ്ടിയിരിക്കുന്നു.

ജൂൺ .6 .2019-ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറയും തുരുത്തികര സയൻസ് സെൻെററിൻെറയും

ആഭിമുഖ്യത്തിൽ LED ബൾബ് നിർമ്മാണ പരിശീലനം G.H.S.S മണീടിൽ സംഘടിപ്പിച്ചു.പ്രിയപ്പെട്ട തങ്കച്ചൻ സാർ ഞങ്ങൾക്കുവേണ്ടി വളരെ മനോഹരമായി ക്ലാസ്സ് എടുത്തു തന്നു. ബൾബിനെക്കുറിച്ചുള്ള നല്ലതും അതിൻ്െറ ഉപയോഗങ്ങൾ, പരിസ്ഥിതിക്കുണ്ടാകുന്ന ദോഷം കുറയ്ക്കാനായി പുനരുപയോഗത്തിന് സഹായകമായ രീതിയിൽ ലഘുവായ കേടുപാടു തീർക്കലും ഉപയോഗശൂന്യമായവയുടെ ശാസ്ത്രീയമായ സംസ്കരണവും എങ്ങനെയെന്ന് അറിയുവാൻ ഈ ക്ലാസ്സിലൂടെ സാധിച്ചു.

# LED ബൾബിന്റെ മേന്മകൾ

- കുറഞ്ഞ വൈദ്യുതി ഉപയോഗം
- ക്ഷമത കൂടുതൽ
- കൂടുതൽ ആയുസ്സ്



# ഓണം...

# ലിറ്റിൽ കൈറ്റ്സുകാർ തയ്യാറാക്കിയ ഡിജിറ്റൽ പൂക്കളം



# എൻെറ സ്വപ്നത്തിലെ ചന്ദ്രയാത്ര



ഞാൻ മെല്ലെ

എൻെറ നയനങ്ങൾ  അടച്ചു . എന്നെ ഏതോ ഒരു

ലോകത്തേക്ക് നയിച്ചു. കറുത്ത പട്ടുസാരിയുടുത്ത്

വെള്ളപൊട്ടുകളാൽ തിളങ്ങുന്ന ആകാശം.ഞാൻ  മെല്ലെ

പുറത്തേക്കു നടന്നു. പച്ചപുൽ മേട്ടുകളിൽ എൻെറ ശിരസ്സു

പതിപ്പിച്ചു. ആകാശത്തേക്കു എൻെറ കണ്ണു നട്ടിരുന്നു.
എങ്ങനെയെന്നറിഞ്ഞില്ല അറിയാതയോ ഞാൻ നിലാവുള്ള
രാത്രിയിൽ എൻെറ സപ്നത്തിലെക്ക് കേറി

എൻെറ  അടുത്തേക്ക്  ഒരു

മിന്നുന്ന വെളിച്ചം വന്നു.  ഒരു  സുന്ദരമായ  മേഘം അതിൽ

മിന്നാമിനുങ്ങുകളാൽ അലകരിച്ചിരിക്കുന്ന ഒരു അംബിളി മാമൻ.ഞാൻ അതിൽ  ആകർഷിതയായി.എന്നെ അതിലേക്ക് മാടിവളിക്കുന്നതുപോലെ തോന്നി,ഞാൻ  അതിൽ കയറി


എന്റെ ഇരിപ്പിടം ഉറപ്പാക്കി, ഒരു സിംഹാസനം പോലേയുള്ള ഇരിപ്പിടം . എന്റെ കണ്ണുകൾക്ക് വിശ്യസിക്കനായില്ല  ഞാൻ പറക്കുന്ന ആ  ഉപഗ്രഹത്തിൽ നിന്ന് ഞാൻ താഴെക്ക് നോക്കി. താഴത്തെ കാഴ്ച്ച  അവിസ്മമയമയിരുന്നു.  പെട്ടെന്നു എന്റെ കണ്ണുകൾ തുറന്നു  അപ്പോഴേക്കും  ഞാൻ  ചന്ദ്രനിൽ എത്തിയിരുന്നു ചന്ദ്രനിൽ  ഞാനെന്റെ  മനസ്സും പാദങ്ങളും ഒരുപോലെ  പതിപ്പിച്ചു .അപ്പോഴോക്കും ഞാൻ  എന്റെ കണ്ണുകൾ തുറന്നു.

'നിങ്ങൾക്ക് ഒരു സൂര്യനെ പോലെ

തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ

പോൽ കത്തി ജ്വലിക്കുക'

-APJ-




എല്ലാ കൂട്ടുകാർക്കും നന്ദി.....
little
KITEs